ജാലകം

മനോരമ സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷന്റെ പരിശീലനപത്രം

വാല്യം 21 ലക്കം 14 ബിരുദദാന പ്രത്യേക പതിപ്പ് | കോട്ടയം, 2023 ജൂലൈ 14 വെള്ളി, 02 പേജ് | സ്വകാര്യ വിതരണത്തിനു മാത്രം

മുന്നൊരുക്കത്തോടെ മാസ്‌കോമിൽ നിന്ന്

MASCOM
MANORAMA SCHOOL OF COMMUNICATION
2022–23

21-ാമത് ബാച്ചിലെ 25 വിദ്യാർഥികൾക്കും വിജയം

റെയ്മണ്ട് ജോൺ

കോട്ടയം: വാർത്തകളുടെ വിശ്വാസ്യത പരക്കെ ചോദ്യം ചെയ്യപ്പെടുന്ന കാലത്ത് സ്വതന്ത്രവും വസ്തുനിഷ്ഠവുമായ മാധ്യമപ്രവർത്തനത്തിന്റെ ബാലപാഠങ്ങൾ ഉൾക്കൊണ്ട് പടിയിറങ്ങുകയാണ് മാസ്കോമിലെ ഇരുപത്തൊന്നാം ബാച്ച്.

മനോരമ സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ (മാസ്കോം) ബാച്ചിലെ 25 വിദ്യാർഥികൾക്ക് ബിരുദാനന്തര ബിരുദ ഡിപ്ലോമ കോട്ടയം മലയാള മനോരമ ഓഫീസിന്റെ സെമിനാർ ഹാളിൽവ നടന്ന ചടങ്ങിൽ കേരള സർവകലാശാലയുടെയും, കേരള ആരോഗ്യ സർവകലാശാലയുടെയും വൈസ് ചാൻസലർ പ്രഫ. മോഹനൻ കുന്നുമ്മൽ വിതരണം ചെയ്തു.

കോവിഡ് മൂലം ക്ലാസ്സുകൾ ഓൺലൈനായി നടത്തേണ്ടി വന്ന സാഹചര്യമാണ് കഴിഞ്ഞ വർഷങ്ങളിൽ നിലനിന്നിരുന്നതെങ്കിൽ ഇക്കൊല്ലം ക്ലാസുകളെല്ലാം സാധാരണ രീതിയിൽ തന്നെ നടന്നു.

മാസ്കോമിന്റെ ചരിത്രത്തിൽ ആദ്യമായി പ്രിന്റ്, ബ്രോഡ്കാസ്റ്റ് എന്ന വേർതിരിവില്ലാതെ ഈ രണ്ട് വിഭാഗത്തിലും പിന്നെ ഡിജിറ്റൽ മേഖലയിലും പരിശീലനം നേടിയാണ് ബാച്ചിലെ വിദ്യാർഥികൾ വിജയം നേടിയത്. ക്ലാസുകൾ പകുതിയായപ്പോൾ തന്നെ പലർക്കും പ്ലേസ്മെന്റ് ലഭിച്ചു എന്ന പ്രത്യേകതയും ഇത്തവണയുണ്ട്.

പത്ത് മാസം നീണ്ട പഠനകാലം അവസാനിക്കുമ്പോൾ മനോരമ ഉൾപ്പെടെ ഇന്ത്യയിലെ വിവിധ പ്രമുഖ മാധ്യമസ്ഥാപനങ്ങളിൽ ജോലി നേടിയാണ് ഇവരിൽ പലരുടെയും മടക്കം.

മാസ്കോം മാനേജ്മെന്റിന്റെ പിന്തുണയും അധ്യാപകരുടെ മാർഗദർശനവുമാണ് വിദ്യാർഥികളെ വിജയത്തിലേക്ക് നയിച്ചത്. ഇവർക്ക് പുറമെ മറ്റ് മാധ്യമപ്രവർത്തകരുടെയും സിനിമ പ്രവർത്തകരുടെയും ഗസ്റ്റ് ലെക്ചറുകൾ ബാച്ചിന് ഉപകാരപ്രദമായി.

ക്ലാസ്സ്മുറികളിലെ പഠനത്തിനു മപ്പുറം പ്രായോഗിക മാധ്യമപ്രവർത്തനത്തിൽ പരിശീലനം നൽകുന്ന പഠനരീതി മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും മാസ്കോമിനെ വേറിട്ട് നിർത്തുന്നുണ്ട്.

കോഴ്സിന്റെ ഭാഗമായി വിദ്യാർഥികൾ തയാറാക്കുന്ന പരിശീലന പത്രമായ ജാലകവും ഫോർത്ത് എസ്റ്റേറ്റും വാർത്താ ബുള്ളറ്റിനുകളും എല്ലാ ആഴ്ചകളിലും പുറത്തിറങ്ങുന്നുണ്ട്.

ഈ പ്രവർത്തനങ്ങൾ വിദ്യാർഥികളിലെ വാർത്താന്വേഷണ പ്രാഗത്ഭ്യം വളർത്തുകയും ഒരു വാർത്തയുടെതന്നെ വ്യത്യസ്തമായ മാനങ്ങൾ തിരിച്ചറിയാനുള്ള ശേഷിയെ ഉണർത്തുകയും ചെയ്യുന്നു.

തങ്ങളുടെ പരിശീലന പത്രങ്ങളിൽ വന്ന വാർത്തകൾ പിന്നീട് മറ്റു മാധ്യമങ്ങൾ ഏറ്റെടുത്തു എന്നത് ഈ ബാച്ചിന് അഭിമാനിക്കാവുന്ന നേട്ടമാണ്.

കോഴ്സിന്റെ ഭാഗമായി എംപി ശശി തരൂർ, സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ അഡീഷണൽ ഡയറക്ടർ ജനറൽ സതീഷ് നമ്പൂതിരിപ്പാട്, കോട്ടയം ജില്ല പൊലീസ് മേധാവി കെ കാർത്തിക്, ആരോഗ്യമന്ത്രി വീണ ജോർജ് തുടങ്ങിയ പ്രമുഖരുമായി ചർച്ചകളിൽ ഏർപ്പെടാനും അവസരം ലഭിച്ചു.

പീച്ചിയിലെ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കോവളം ആർട്സ് ആൻറ് ക്രാഫ്റ്റ്സ് വില്ലേജ്, ചിത്രാഞ്ജലി സ്റ്റുഡിയോ, പണി പൂർത്തിയാകുന്ന വിഴിഞ്ഞം തുറമുഖം എന്നീ സ്ഥലങ്ങളിൽ നടത്തിയ സന്ദർശനങ്ങളുമെല്ലാം ബൈലൈനുകളായി മാസ്കോമിന്റെ ചുവരുകളിലുണ്ട്.

ഫീച്ചർ എഴുതുന്ന കൈകൾ കൊണ്ട് ഒരു നല്ല ഫ്രെയിം വയ്ക്കാനും സാധിക്കും എന്ന് തെളിയിക്കുന്ന ബ്രോഡ്കാസ്റ്റ് സ്റ്റോറികളും, വീഡിയോ പ്രോഗ്രാമുകളും വിദ്യാർഥികൾക്ക് ചെയ്യാൻ സാധിച്ചു. അവയിൽ പലതും മാസ്കോമിന്റെ യൂട്യൂബ് പേജിൽ ഇടം പിടിച്ചിട്ടുമുണ്ട്.

വീഡിയോ പ്രോഗ്രാമിലേക്ക് അതിഥികളായി പ്രതിഭാധനരായ പല വ്യക്തികളെയും കൊണ്ടുവരുന്നതിൽ വിദ്യാർഥികൾ വിജയിച്ചു.

ഇങ്ങനെ മാധ്യമ പ്രവർത്തനത്തിന്റെ സമസ്ത മേഖലകളിലും കയ്യൊപ്പ് ചാർത്താനുതകുന്ന പരിശീലനം കൈമുതലാക്കിയാണ് ഈ ബാച്ചിലെ ഓരോരുത്തരും പടിയിറങ്ങുന്നത്.

വിട്ടുവീഴ്ചകൾക്ക് വഴങ്ങാതെ

മാത്യു ജോർജ്

അക്ഷയ എം

കോട്ടയം: ആതുരസേവകനായും അധ്യാപകനായും മികവ് തെളിയിച്ചു. പിന്നാലെ ശക്തമായ നിലപാടുകളിലൂടെയും നടപടികളിലൂടെയും വാർത്തകളിൽ ഇടം നേടി. ഇന്ന് ഡോ.മോഹനൻ കുന്നുമ്മൽ ആരോഗ്യ സർവകലാശാലയുടെ മാത്രമല്ല, കേരള സർവകലാശാലയുടെയും വൈസ് ചാൻസലറാണ്.

തിരുവനന്തപുരം മെഡിക്കൽ കോളജിൽ നിന്ന് 1997ൽ മെഡിസിനിൽ ബിരുദം നേടിയ ഡോ.കുന്നുമ്മൽ ഉപരിപഠനത്തിന് തിരഞ്ഞെടുത്തത് റേഡിയോളജിയാണ്. രോഗനിർണയങ്ങളുടെ അനന്തസാധ്യതകൾ തുറക്കുന്ന ഈ മേഖല അദ്ദേഹത്തെ എന്നും ത്രസിപ്പിച്ചിരുന്നു.

തൃശ്ശൂർ, മഞ്ചേരി ഗവ. മെഡിക്കൽ കോളജുകളിൽ പ്രിൻസിപ്പലായ ശേഷം അദ്ദേഹം തൃശ്ശൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ പത്ത് വർഷം സൂപ്രണ്ടായി പ്രവർത്തിച്ചു. സംഘടനാ പ്രവർത്തനത്തിലും മികവ് തെളിയിച്ച അദ്ദേഹം നാലുതവണ കേരള ഗവ. മെഡിക്കൽ കോളജ് അധ്യാപക സംഘടനയുടെ അധ്യക്ഷനായിരുന്നു. ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷന്റെ പ്രസിഡന്റായും സേവനമനുഷ്ഠിച്ചു. ഇന്ത്യൻ റേഡിയോളജിക്കൽ ആന്റ് ഇമേജിങ് അസ്സോസിയേഷന്റെ നാഷണൽ പ്രസിഡന്റായ ഏക മലയാളിയാണ് ഇദ്ദേഹം. ഇപ്പോൾ നാഷണൽ മെഡിക്കൽ കമ്മീഷൻ അംഗവുമാണ്.

വെല്ലുവിളികളെ ഇഷ്ടപ്പെടുന്ന ഡോ. കുന്നുമ്മലിന് കേരള സർവകലാശാല പുതിയ പാഠമാണ്. പുത്തൻ തലമുറ കുറുക്കുവഴികളുടെ പിന്നാലെ പാഞ്ഞതോടെ വിദ്യാഭ്യാസ മേഖലയിൽ രാഷ്ട്രീയ ഇടപെടലും കൂടി വന്നുവെന്നും. ഈ പ്രവണത നിയന്ത്രിക്കപ്പെടേണ്ടത് അനിവാര്യമാണെന്നുമാണ് ഡോ. കുന്നുമ്മലിന് പറയാനുള്ളത്. ഇവ മറച്ചുവയ്ക്കാതെ മാധ്യമ സഹായത്തോടെ പുറത്തു കൊണ്ടുവരുമ്പോഴാണ് സർവകലാശാലകളുടെ വിശ്വാസ്യത സംരക്ഷിക്കപ്പെടുന്നതെന്നാണ് ഡോ. കുന്നുമ്മലിന്റെ അഭിപ്രായം.

ഡോ. മോഹനൻ കുന്നുമ്മൽ

രാഷ്ട്രീയ-വ്യക്തി താത്പര്യങ്ങൾക്കുവേണ്ടി മാധ്യമങ്ങളെ ദുരുപയോഗം ചെയ്യുന്ന പ്രവണതയുണ്ട്. ചുരുങ്ങിയ സമയത്തിനുള്ളിൽ വാർത്തകൾ നൽകാൻ മത്സരിക്കുമ്പോൾ ഇത്തരം കെണികളിൽ വീഴാതിരിക്കാൻ മാധ്യമ സ്ഥാപനങ്ങൾ ജാഗ്രത പുലർത്തേണ്ടതുണ്ടെന്നാണ് ഡോ. മോഹനൻ കുന്നുമ്മലിന് പറയാനുള്ളത്.

തൊഴിലവസരങ്ങൾ തേടി വിദ്യാർഥികൾ പലായനം ചെയ്യുന്ന സാഹചര്യത്തിൽ കേരളത്തിനാവശ്യം ഒരു നവീന സമ്പ്രദായമാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിപ്ലവം സൃഷ്ടിക്കാൻ പുതിയ വിദ്യാഭ്യാസ നയത്തിന് സാധിക്കും.

വിദ്യാർഥികേന്ദ്രീകൃതമായ പഠനരീതിയാണ് നമ്മൾ പ്രോത്സാഹിപ്പിക്കേണ്ടത്. പരമ്പരാഗതമായ കോഴ്സുകൾ മാറി പഠിതാക്കൾ ആഗ്രഹിക്കുന്ന വിഷയങ്ങൾ നൽകാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സാധിക്കണം- അദ്ദേഹം ചൂണ്ടിക്കാട്ടി.

നിർമിത ബുദ്ധിയുടെ ഈ കാലത്ത് പല തൊഴിലുകളും ഇല്ലാതായേക്കാം. അത് കൊണ്ട് തന്നെ പഴക്കം ചെന്ന പഠനരീതികൾ മാറ്റി നൈപുണ്യവികസനം കൂടി കുട്ടികളിൽ ഉണ്ടാക്കിയെടുക്കാൻ കഴിയണം.

പഠനത്തോടൊപ്പം ജോലി ചെയ്ത് പണം സമ്പാദിക്കുന്ന പാശ്ചാത്യ ശൈലി ഇവിടെയും വരേണ്ടതുണ്ട്. അധികം വൈകാതെ തന്നെ ഇത്തരം മാറ്റങ്ങൾ നമ്മുടെ നാട്ടിലും കടന്നു വരുമെന്ന ശുഭാപ്തിവിശ്വാസത്തിലാണ് ഡോ. കുന്നുമ്മൽ.

ഗവേഷണമേഖലയിലും കാര്യമായ ശ്രദ്ധ പതിപ്പിച്ച അദ്ദേഹം 19 ഗവേഷണ പദ്ധതികൾ നയിച്ചു. അന്താരാഷ്ട്ര ജേണലുകളിലെ 11 ശാസ്ത്ര പ്രബന്ധങ്ങൾ ക്കുടമയാണ്.

2016-ൽ മികച്ച ഗവ. ഡോക്ടർക്കുള്ള കേരള സർക്കാർ പുരസ്കാരം ഉൾപ്പെടെ നിരവധി അവാർഡുകൾ അദ്ദേഹം സ്വന്തമാക്കിയിട്ടുണ്ട്.

> “ ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിപ്ലവം സൃഷ്ടിക്കാൻ പുതിയ വിദ്യാഭ്യാസ നയത്തിന് സാധിക്കും. വിദ്യാർഥികേന്ദ്രീകൃതമായ പഠനരീതിയാണ് നമ്മൾ പ്രോത്സാഹിപ്പിക്കേണ്ടത്

വിദ്യാർഥികൾ നേരിട്ടെത്തി മാപ്പ് പറഞ്ഞു: വീണ ജോർജ്

തിരുവനന്തപുരം: ഡോ. വന്ദന ദാസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് തനിക്കെതിരെ കേരളം മുഴുവൻ അലയടിച്ച വിവാദങ്ങൾക്ക് ശേഷം മെഡിക്കൽ വിദ്യാർഥികൾ നേരിട്ട് എത്തി മാപ്പ് പറഞ്ഞതായി ആരോഗ്യമന്ത്രി വീണ ജോർജ്. ചില മാധ്യമങ്ങൾ തനിക്കെതിരെ റിപ്പോർട്ട് ചെയ്തത് കേരളത്തിലാകമാനം പ്രതിഷേധങ്ങൾ ഉയർത്തി. ഈ സാഹചര്യത്തിൽ വിദ്യാർഥികളെത്തിയത് ഏറെ സന്തോഷം ഉളവാക്കി എന്ന് മന്ത്രി പറഞ്ഞു. പിന്നീട് ചെയ്തത് തെറ്റായിപ്പോയി എന്ന് പറഞ്ഞ് മാധ്യമങ്ങൾ ക്ഷമ ചോദിച്ചിരുന്നതായും മന്ത്രി മാസ്കോം വിദ്യാർഥികളുമായി നടത്തിയ അഭിമുഖത്തിൽ വ്യക്തമാക്കി.

കേരളത്തിൽ ആരോഗ്യമേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളായ പനി വ്യാപനം, അതിനായുള്ള പ്രതിരോധ നടപടികൾ, രാജ്യത്ത് ആദ്യമായി നടപ്പാക്കാൻ ഒരുങ്ങുന്ന കോഡ് ഗ്രേ പ്രോട്ടോക്കോൾ, മാനസികാരോഗ്യ മേഖലയിൽ കൊണ്ടുവരാനിരിക്കുന്ന മാറ്റങ്ങൾ എന്നിവയെക്കുറിച്ചും അഭിമുഖത്തിൽ മന്ത്രി പങ്കുവെച്ചു.

ആരോഗ്യമന്ത്രി വീണ ജോർജ് മാസ്കോം വിദ്യാർഥികളുമായി സംവാദത്തിൽ

എനിക്ക് അതിലും വലുതായി ഒന്നുമില്ല

ഡോ. വന്ദന ദാസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് ഞാൻ പറഞ്ഞതിന്റെ ഒരു ഭാഗം മാത്രമെടുത്താണ് ഒരു ചാനൽ റിപ്പോർട്ട് ചെയ്തത്. റിപ്പോർട്ടിന് ശേഷം ജനങ്ങളുടെ പ്രതികരണം അവർ പുറത്തുവിട്ടതോടെ സംഭവം വിവാദമായി. തുടർന്ന് മറ്റു ചാനലുകൾക്കും ഇതേ രീതിയിൽ റിപ്പോർട്ട് ചെയ്യേണ്ടതായി വന്നു. പിന്നീട് പ്രസ്തുത ചാനൽ തങ്ങൾ പറഞ്ഞത് തെറ്റായിപ്പോയി എന്ന് തിരുത്തി പറഞ്ഞു. അതിനുശേഷം മെഡിക്കൽ പി.ജി വിദ്യാർഥികൾ നേരിട്ടെത്തി എന്നോട് മാപ്പ് പറഞ്ഞു. എനിക്ക് അതിലും വലുതായി ഒന്നുമില്ല.

ഒരു കേസിലും ശിക്ഷിക്കപ്പെട്ടിട്ടില്ല

ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള ആക്രമണ കേസിലെ ഒരു പ്രതിയും നാളിതുവരെ ശിക്ഷിക്കപ്പെട്ടിട്ടില്ല. ആരോഗ്യവകുപ്പിന്റെ ഭാഗത്ത് നിന്ന് കൃത്യമായി നടപടി എടുത്താലും കോടതിയിൽ നല്ല വക്കീലിനെ വച്ച് വാദിച്ച് കേസിൽ നിന്ന് പ്രതികൾ രക്ഷപ്പെടുകയാണ്. ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള അതിക്രമം തടയുന്നതും ആശുപത്രികളുടെ സ്വത്ത് നശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിൽ കൃത്യമായ നിയമമുണ്ട്. മുൻപ് ആറോ ഏഴോ വർഷം വരെ തടവും 50000 രൂപ വരെ പിഴയും ഈടാക്കിയിരുന്നു. എന്നാൽ ഡോ. വന്ദന ദാസിന്റെ കൊലപാതകത്തോടെ ഏറ്റവും കുറഞ്ഞത് ആറുമാസം ശിക്ഷയും കുറഞ്ഞത് 50,000 രൂപ പിഴയുമായി ഇതു മാറ്റി.

രാജ്യത്താദ്യമായി 'കോഡ് ഗ്രേ' പ്രോട്ടോക്കോൾ കേരളത്തിൽ

ആഗോള തലത്തിൽ നടത്തിവരുന്ന കോഡ് ഗ്രേ പ്രോട്ടോക്കോൾ രാജ്യത്താദ്യമായി കേരളത്തിൽ നടപ്പാക്കാനൊരുങ്ങുകയാണ് ആരോഗ്യവകുപ്പ്. അതിനുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. ആഭ്യന്തരവകുപ്പുമായി ചേർന്നാണ് സംസ്ഥാനത്തെ സ്വകാര്യ-സർക്കാർ ആശുപത്രികളിൽ ഇത് സജ്ജമാക്കുക. അത്യാഹിത സാഹചര്യമുണ്ടാകുമ്പോൾ അതിനോട് പെട്ടെന്ന് എങ്ങനെ പ്രതികരിക്കുന്നു എന്നതാണ് കോഡ് ഗ്രേ പ്രോട്ടോക്കോൾ.

ആശുപത്രികളുടെ അത്യാഹിത വിഭാഗത്തിന്റെ എൻട്രി, എക്സിറ്റ് എന്നിവ കൃത്യമായി മനസ്സിലാക്കാൻ അടിസ്ഥാന സൗകര്യത്തിൽ മാറ്റം വരുത്തുക, അത്യാഹിത മെഡിക്കൽ സാഹചര്യം എങ്ങനെ തരണം ചെയ്യണമെന്ന് ആരോഗ്യ പ്രവർത്തകരെ ബോധവത്കരിക്കുക, സൈക്കോളജിസ്റ്റിന്റെ സേവനമുൾപ്പെടുത്തുക, പൊതുവായ മുന്നറിയിപ്പ്, വയർലെസ് സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കുക, എല്ലാ സുരക്ഷാ ജീവനക്കാർക്കും ആരോഗ്യ പ്രവർത്തകർക്കും കൃത്യമായ പരിശീലനം നൽകുക എന്നിവയാണ് ഈ സംവിധാനത്തിലുള്ളത്.

പനിക്കാലം മുൻപേ പ്രതീക്ഷിച്ചിരുന്നു

നമ്മുടെ ഓരോ മഴക്കാലവും പനിക്കാലം കൂടിയാണ്. 2013ലും 2017ലും കേരളത്തിൽ ഡങ്കി വ്യാപനമുണ്ടായിരുന്നു. ഇതിനെത്തുടർന്ന് 2021ൽ വ്യാപനം ആരോഗ്യവകുപ്പ് പ്രതീക്ഷിച്ചിരുന്നെങ്കിലും അതുണ്ടായില്ല. ഈ വർഷം ആദ്യം തന്നെ ജാഗ്രതയോടെ അതിനുവേണ്ട മുൻകരുതലുകൾ എടുത്തിരുന്നു.

മാർച്ച് മുതൽ പനിയെ പ്രതിരോധിക്കാനുള്ള സജ്ജീകരണങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിൽ വിവിധ യോഗങ്ങൾ കൂടിയിരുന്നു. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം മരണനിരക്കും കുറവാണ്. ജൂലൈയിൽ വ്യാപനം കൂടാൻ സാധ്യതയുണ്ട്.

തിരിച്ചറിയുക, മനസ്സിലാക്കുക, ചികിത്സിക്കുക

മാനസികാരോഗ്യം എന്നത് വളരെ വിലപ്പെട്ട ഒന്നാണ്. പ്രേമനൈരാശ്യം, ലഹരി ഉപയോഗം മുതലായ കാരണങ്ങൾ കൊണ്ട് ഒരുപാട് കുട്ടികൾ മാനസിക രോഗങ്ങൾക്ക് അടിമപ്പെടുന്നതായി കാണാം. തെറ്റായ രീതിയിൽ കുട്ടികളെ വളർത്തുന്നത് ഇതിനൊരു പ്രധാന കാരണമാണ്.

മാതാപിതാക്കൾക്കും കുട്ടികൾക്കും കൗൺസിലിംഗുകൾ നൽകുക എന്നത് സർക്കാരിന്റെ ഒരു പ്രധാന പരിപാടിയാണ്. അതിനായി ഏകദേശം 1200 സ്കൂളുകളിൽ കൗൺസിലർമാരെ നിയമിച്ചു. കൂടാതെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യത്തിനുള്ള ഡോക്ടർമാരെ നിയമിക്കുവാനും ശ്രമിക്കുന്നുണ്ട്.

തിരിച്ചറിയുക മനസ്സിലാക്കുക ചികിത്സിക്കുക എന്നതാവണം നമ്മുടെ മുദ്രാവാക്യം. കേരളത്തിൽ തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് കണ്ണൂർ എന്നിവിടങ്ങളിൽ മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡ് സ്ഥാപിക്കുകയും ചെയ്തു.

തയ്യാറാക്കിയത്: അഞ്ജന
വിവരശേഖരണം: രാഹുൽ, ആരതി, ശ്രീപാർവ്വതി, ടെൽമിയ

അഭിനന്ദനങ്ങൾ
2022-23 ബാച്ചിലെ
മികച്ച വിദ്യാർഥി
ശ്രീപാർവ്വതി എസ്

ശംഖുമുഖം കടൽതീരം വീണ്ടും ഭീഷണിയുടെ വക്കിൽ



ആർച്ചലക്ഷ്മി

ശംഖുമുഖം:വെള്ളപ്പൊക്കത്തിന്റെയും ഉരുൾപൊട്ടലിന്റെയും ഭീതി ജനങ്ങളിൽ സൃഷ്ടിച്ചുകൊണ്ട് കാലവർഷം എത്തിയതോടെ ശംഖുമുഖം ബീച്ച് വീണ്ടും അപകടാവസ്ഥയിൽ. വർഷങ്ങൾക്കുശേഷം ബീച്ച് പുനരുദ്ധരിച്ചതിനെത്തുടർന്ന് വിനോദ സഞ്ചാരികൾ വന്നു തുടങ്ങിയിരുന്നു. എന്നാൽ മഴയെത്തിയതോടെ എല്ലാം ആശങ്കയിലായി.

തിരുവനന്തപുരത്തിന്റെ അഭിമാനമുഖവും ചരിത്രമുറങ്ങുന്ന തീരവുമാണ് ശംഖുമുഖം. പ്രസിദ്ധമായ പത്മനാഭസ്വാമി ക്ഷേത്ര ആറാട്ടിന്റെയും ഗണേശചതുർഥിയുടെയും അവസാന ചടങ്ങുകൾ നടക്കുന്നത് ഈ കടൽതീരത്താണ്. വിമാനത്താവളത്തിന്റെ സാമീപ്യം മാത്രമല്ല, കാനായി കുഞ്ഞിരാമന്റെ സാഗരകന്യകയും ഭാരതീയ വായുസേന സ്ഥാപിച്ച എംഐ 8 പ്രതാപ് ഹെലികോപ്റ്ററും വിനോദ പാർക്കും തീരത്തിന്റെ ആകർഷക ഘടകങ്ങളാണ്.

എന്നാൽ 2017-ൽ ഓഖി ആഞ്ഞുവീശിയതിൽ പിന്നെ ശംഖുമുഖത്ത് ഉല്ലാസത്തിരകൾ കണ്ടിട്ടില്ല. കടൽതീരവും തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലേക്കുള്ള റോഡും പൂർണമായും കടലെടുത്തു. ബീച്ച് പൂർണമായും അപ്രത്യക്ഷമായി. തീരം കടലെടുത്തതോടെ ഇവിടേക്കുള്ള സഞ്ചാരികളുടെ എണ്ണം കുറഞ്ഞു. ബീച്ചിനെ ആശ്രയിച്ച് ജീവിതം നയിച്ചിരുന്നവർ ബുദ്ധിമുട്ടിലായി.



കടലാക്രമണം തടയാനായി വീടിന്റെ പുറകിൽ മണൽ ചാക്കുകൾ നിരത്തി സംരക്ഷണ ഭിത്തി നിർമിച്ചപ്പോൾ

ബീച്ചിന്റെ അവസ്ഥ ഓരോ വർഷവും രൂക്ഷമായ കടൽക്ഷോഭം മൂലം വഷളാവുകയാണ്. ഓഖിക്കു മുമ്പ് റോഡിനും കടലിനുമിടയിൽ 20-25 മീറ്റർ തീരമുണ്ടായിരുന്നു.

വിമാനത്താവളത്തിന്റെ അതിർത്തിഭിത്തിയോട് ചേർന്നുള്ള ശംഖുമുഖം റോഡിന്റെ പകുതിയിലധികവും കടൽ വിഴുങ്ങി. 2017 മുതൽ ജനങ്ങൾ ശംഖുമുഖം കടൽതീരം പഴയതുപോലെ കണ്ടിട്ടില്ല. പ്രക്ഷുബ്ധമായ കടൽ വിനോദ സഞ്ചാര വകുപ്പ് നിർമിച്ച പൊതുസൗകര്യങ്ങളെയും ഏറെക്കുറെ വിഴുങ്ങി.

14 വർഷത്തിനിടെ കടൽതീരത്ത് നിന്ന് ഏകദേശം 2.62 ചതുരശ്ര കിലോമീറ്റർ അല്ലെങ്കിൽ 650 ഏക്കറോളം കടൽ അപഹരിച്ചതായി പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

തീരദേശ ശോഷണം ബീച്ചിന്റെ വിസ്തൃതിയിൽ ഗണ്യമായ കുറവുണ്ടാക്കി. ഈ അവസ്ഥ തുടരുകയാണെങ്കിൽ ഇവിടുത്തെ പ്രശസ്തമായ കടൽതീരങ്ങൾ അധികം വൈകാതെ അപ്രത്യക്ഷമാകുമെന്ന ഭയമാണ് നിലവിലുള്ളത്.